കവിത:

# *പെണ്ണും കവിയും*

വിജയകുമാർ കളരിക്കൽ

പെണ്ണ് കറുത്തിട്ട്,
പെൺ മനം വെളുത്തിട്ട്
പെൺ പൂവിതൾ തേടും
കവി മനം ചുവന്നിട്ട്
പെണ്ണ് രാവായ്, പകലായ്,
കവി തൃസന്ധ്യയായ്.

പെണ്ണേ, നീയാണീമണ്ണും വിണ്ണും,
രൂപമാകുന്നതും, ഭാവമാകുന്നതും,
ഗാനമാകുന്നതും,രാഗമാകുന്നതും
പകലിന്റെ ഉച്ചിയിൽ അഗ്നിയാകിന്നതും
അഗ്നിയിൽ പുത്തതാം സത്യമാകുന്നതും
സത്യത്തിൻ കാമ്പായ നിത്യതയെന്നതും,
ഒടുവിന്റെ ഒടിവിലോ സിന്ധുവായ്തീർന്നതും
ഹിന്ദുവായ്, ഇന്ത്യയായ് രൂപങ്ങൾ പൂണ്ടതൂം.

ഞാനോ ചുവന്നിട്ട്
മാനത്തിൻ മിഥ്യയായ്,
കൺക്കൾക്ക് വശ്യമായ്,
ഹ്യത്തിനോ പഥ്യമായ്,
മൺപുറ്റുപൊട്ടി വിടർന്നപ്പോൾ രാമനായ്,
വ്യാസനായ് പാരിൽ പടരവെ കൃഷ്ണനായ്,
ബുദ്ധനായ,്ജൈനനായ്,
മുപ്പത്തിമുക്കോടി മായായ്......
സ്വാഗതമോതി വാതിൽ തുറക്കവെ,
അതിഥിയായെത്തി ഞാൻ
ക്രിസ്തുവായ്, മമ്മദായ്.......
പെണ്ണേ, നിൻമക്കൾക്ക്
വർണ്ണം കൊടുത്തതും,
ബോധം കടുത്തതും
കോട്ടകൾ തീർത്തതും,
കൊത്തളം പണിതതും
ഞാനായിരുന്നു,
ഞാൻ കവിയായിരുന്നു.

പെണ്ണേ,നിൻ മക്കൾക്ക്
ഖഡ്ഗം കൊടുത്തതും
ബാണം കൊടുത്തതും
ബാണത്തിൻ തുമ്പത്ത്
പേവീഷം ചേർത്തതും
ഞാനായിരുന്നു,
ഞാൻകവിയായിരുന്നു.

മാപ്പ്, മാപ്പ്, മാപ്പ്..........
പെണ്ണേ, ഉണരുക, ഉണരുക, ഉണരുക,
ഉണർന്നീയുലകിൽ അഗ്നിയായ് പടരുക,
നീയാണ് ശക്തിയും, സത്യവുംനീതിയും,

നീയാണ് ലക്ഷ്യവും,മാർഗവും,മുക്തിയും..
(പെണ്ണ്: പ്രകൃതിയാണ്, ചൂഷണം ചെയ്യപ്പെടുന്ന ഈ സമൂഹമാണ്.
കവി : ഭാവനയാണ്, പ്രകൃതി
കനിഞ്ഞേകിയദാനമാണ്- എല്ലാ മത
സംഹിതകളും ആചാരാനുഷ്ടാനങ്ങളും
സ്മൃതികളും മോചനമാർളും ഉണ്ടാക്കിയത്
കവികളായിരുന്നു.)

8888888888888888888888888888888